(11) മൽസ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം

ശ്രീ. എ. സുജനപാൽ: സർ, കോഴിക്കോട് നഗരത്തിലെ തീര പ്രദേശത്തുള്ള മൽസ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് പട്ടയം നൽകുന്ന കാര്യം ഗവൺമെൻറിന്റെ പരിഗണനയിലാണ്. കോഴിക്കോട് കോർപ്പറേഷൻ അതിർത്തിയായതുകൊണ്ട് കോർപ്പറേഷൻ അതിർത്തിയിൽപ്പെട്ട പ്രദേശത്ത് പട്ടയം നൽകാനുള്ള അധികാരം റവന്യൂ വകുപ്പിനാണ്. റവന്യൂ വകുപ്പിന്റെ അംഗീകാരത്തിനുവേണ്ടി കോഴിക്കോട് ജില്ലാ കളക്ടർ അത് സമർപ്പിച്ചിരിക്കുകയാണ്. അതിന് അടിയന്തിരമായി അംഗീകാരം നൽകി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ കേരള ലാൻറ് അസൈൻമെൻറ് റൂൾ പ്രകാരം കോർപ്പറേഷൻ പ്രദേശങ്ങളിൽ പട്ടയം നൽകുമ്പോൾ മാർക്കറ്റ് വാല്യൂ കൊടുക്കണമെന്നാണ്. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് കോഴിക്കോട് നഗരത്തിലെ ഇന്നത്തെ മാർക്കറ്റ് റേറായ അൻപതിനായിരം രൂപയും ഒരു ലക്ഷം രൂപയും മാർക്കറ്റ് വില നൽകാൻ സാദ്ധ്യമല്ല. അതുകൊണ്ട് കേരള ലാൻറ് അസൈൻമെൻറ് റൂൾസിൽ ഭേദഗതി വരുത്തിക്കൊണ്ട് മാർക്കറ്റ് റേറിനു പകരം ഗവൺമെൻറ് റേറ് ഫിക്സ് ചെയ്തുകൊണ്ട് പട്ടയം നൽകാനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ ഒരുകാര്യമാണ്. തീരപ്രദേശങ്ങളിൽ പട്ടയം കൊടുക്കുന്നതിനുള്ള അനുമതി നൽകേണ്ടത് റവന്യൂ ബോർഡാണ്. പക്ഷേ, കൂടുതൽ പ്രയോജനകരമാകാൻവേണ്ടി റവന്യൂ ബോർഡിൽ നിക്ഷിപ്തമായ അധികാരം വികേന്ദ്രീകരിച്ച് കളക്ടർക്ക് കൊടുക്കുന്നതിന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഉടനെ തന്നെ അതിന്റെ റൂൾ ഭേദഗതിചെയ്യും. മാർക്കറ്റ് വില ഈടാക്കണമെന്നുള്ളതാണ് നിലവിലുള്ള വ്യവസ്ഥ. അത് വളരെ കൂടുതലാണ്. ഇക്കാര്യത്തിൽ ഉദാരമായ ഒരു സമീപനം സ്വീകരിച്ച് മാർക്കറ്റ് വിലയിൽ കുറഞ്ഞ ഒരു തുക നിശ്ചയിച്ചുകൊണ്ട് ആ കുറഞ്ഞ തുകയ്ക്ക് പട്ടയം കൊടുക്കുന്നതിനുള്ള ഏർപ്പാട് ചെയ്യാൻ ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നടപടികൾ ഉടനെ ഉണ്ടാകും.

(12) പാലക്കാട് ജില്ലയിലെ വരൾച്ച

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പാലക്കാട് ജില്ലയിലെ ഇന്നലത്തെ ചൂട് 41 ഡിഗ്രി സെൽഷ്യസാണ്. അപ്പോൾ വരൾച്ചയുടെ കാഠിന്യം പറയേണ്ടതില്ലല്ലോ. ഇന്ന് 42 ഡിഗ്രിയാകുമെന്നാണ് പറയുന്നത്. അവിടെ ഒരുതുള്ളി കുടിവെള്ളം കിട്ടാൻ വഴിയില്ല; പ്രത്യേകിച്ച് ചിറ്റൂർ താലൂക്ക് ഏരിയായിൽ. ലോറി കിട്ടിയില്ല, അല്ലെങ്കിൽ ടാങ്കർ കിട്ടിയില്ലെന്ന് പറഞ്ഞ് വെള്ളം സപ്ലൈ ചെയ്യുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് നാളെയോ മറന്നാളോ ഒന്ന് പാലക്കാട് വരണമെന്നാണ്. എന്നിട്ട് ജനപ്രതിനിധികളുടെ ഒരു യോഗം വിളിച്ചുകൂട്ടണം. അവിടത്തെ സ്ഥിതി ഭയാനകമാണ്. സാധാരണനിലയ്ക്ക് എന്തെങ്കിലും തരത്തിൽ ഒരു ചെറിയ ചടങ്ങായാലും മതി. കേന്ദ്ര ടീം വന്നിട്ടുപോലും ചില സ്ഥലങ്ങളിലേ അവർ പോയിട്ടുള്ളൂ. എല്ലാ സ്ഥലങ്ങളിലും പോയില്ല. വെള്ളത്തിന് വിലകൊടുത്തു വാങ്ങിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയിലേക്ക് എത്തിയിരിക്കുകയാണ്. ഗവൺമെന്റ് അവിടെ കുടിവെള്ള വിതരണത്തിന് യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. ടാങ്കർ ലോറിയിൽ ചിറ്റൂരിലുള്ള കുറച്ച് ആളുകൾക്ക് വെള്ളം കൊണ്ടുവന്നു കൊടുത്തു. ടാങ്കർ ലോറി കിട്ടിയില്ലെന്ന് പറഞ്ഞ് വെള്ളം സപ്ലൈ ചെയ്യുന്നില്ല. അവിടെ പകർച്ചവ്യാധിയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി നാളെയോ മറ്റന്നാളോ അവിടെ ഒന്ന് വരണം. എന്നിട്ട് ജനപ്രതിനിധികളെ വിളിച്ച് ചർച്ചചെയ്ത് പാലക്കാട് ജില്ലയിലെ പൈപ്പ് ലൈൻ നീട്ടാനും അടിയന്തിരമായി കിണറുകൾ കുഴിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. അവിടെ കർഷക തൊഴിലാളികൾക്ക് പണിയില്ല. അതുകൊണ്ട് അവർക്ക് പണിയുണ്ടാകാനുള്ള സൗകര്യംകൂടി ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രസക്തമായ ഒരു കാര്യമാണ്. അവിടെ കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ടുണ്ട്. ഇന്ന് പാതിരാവരെ ചിലപ്പോൾ നമ്മുടെ നിയമസഭ കൂടിയെന്നിരിക്കും. എപ്പോഴാണ് തീരുന്നതെന്ന് അറിഞ്ഞുകൂടാ. ഞാൻ നാളെ പാലക്കാട് വന്നാലും വന്നില്ലെങ്കിലും കുടിവെള്ളത്തിന് കൂടുതൽ ബുദ്ധിമുട്ടുള്ള, ചിറ്റൂർ താലൂക്കിൽ വരുന്ന രൂക്ഷമായ പ്രദേശങ്ങളിൽ, കുടിവെള്ളം കൊടുക്കേണ്ടത് അത്യാവശ്യമാണ്. കളക്ടർക്ക് ബോദ്ധ്യമുള്ള സ്ഥലങ്ങളിൽ— പാലക്കാട് ജില്ലയിൽ, പ്രത്യേകിച്ച് ചിറ്റൂർ താലൂക്കിൽ ഉടനെതന്നെ കുടിവെള്ളം കൊടുക്കുന്നതിനുള്ള ഏർപ്പാട് കളക്ടർ ചെയ്യാനും ശ്രീ. കൃഷ്ണൻകുട്ടി തന്നെ കളക്ടറോട് ആ കാര്യത്തെ സംബന്ധിച്ച് ഡിസ്കഷൻ നടത്തിയിട്ട് ആ കാര്യങ്ങളിൽ ഒരു തീരുമാനം ഉണ്ടാക്കാനും വേണ്ട നിർദ്ദേശം കൊടുക്കാം.

(13) ഹൗസിംഗ് ബോർഡ് അനുവദിച്ച ഫ്ളാറ്റുകൾക്ക് ഉടമസ്ഥാവകാശം നൽകണമെന്ന ആവശ്യം

ശ്രീ. കെ. പ്രകാശ് ബാബു: സർ, സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഒരു പ്രശ്നമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ഹൗസിംഗ് ബോർഡിന്റെ ഫ്ളാറ്റുകൾ വാങ്ങി താമസിക്കുന്ന നിരവധി ആളുകൾ നമ്മുടെ നാട്ടിലുണ്ട്. ഫ്ളാറ്റുകളുടെ പണം പൂർണ്ണമായിട്ട് അടച്ചുതീർന്നതിനുശേഷവും അവർക്ക് അതിന്റെ ഉടമസ്ഥാവകാശരേഖ ലഭിക്കുന്നില്ല. വ്യവസ്ഥ അനുസരിച്ച് ലഭിക്കേണ്ട ആ title deed ലഭിക്കുന്നതിന് പലവിധത്തിലുള്ള തടസ്സങ്ങളാണ് പറയുന്നത്. പണം പൂർണ്ണമായിട്ട് അടച്ചുകഴിഞ്ഞാൽ ഓണർഷിപ്പ് കൊടുക്കാൻ നിയമപ്രകാരം തന്നെ ഹൗസിംഗ് ബോർഡ് ബാദ്ധ്യസ്ഥമാണ്. അപ്പാർട്ടുമെന്റ് ഓണർഷിപ്പ് നിയമം നമ്മുടെ സംസ്ഥാനത്ത് ഇല്ലാത്തതുകൊണ്ട് അതിനാവശ്യമായ നിയമനിർമ്മാണം നടത്തി, അല്ലെങ്കിൽ പണം പൂർണ്ണമായിട്ട് അടച്ചുകഴിയുമ്പോൾ സ്വാഭാവികമായിട്ടും അപ്പാർട്ടുമെന്റിന്റെ ഓണർഷിപ്പ് അവർക്ക് ലഭിക്കത്തക്കവണ്ണം ഹൗസിംഗ് ബോർഡിന്റെ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് ഈ പ്രശ്നത്തിന് ഒരു അടിയന്തിര പരിഹാരം കണ്ടെത്തണമെന്ന് ഭവനനിർമ്മാണ വകുപ്പുമന്ത്രി കൂടിയായ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly